**(English below)**

# സംയുക്ത പ്രസ്താവന
# മനുഷ്യത്വ വിരുദ്ധമായ ട്രാൻസ്ജെൻഡർ നിയമ **(2019)** ഭേദഗതി ബിൽ പിൻവലിക്കുക

സുപ്രീംകോടതിയുടെ നൽസ വിധിയെ ലംഘിക്കുന്നതും ട്രാൻസ്ജെൻഡർ വ്യക്തികളുടെ മൗലിക അവകാശങ്ങളെ റദ്ദ് ചെയ്യുന്നതും അന്താരാഷ്ട്ര യോഗ്യകർത്താ തത്വങ്ങൾക്ക് വിരുദ്ധമായതും, ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ നിയമത്തിന്റെ (2019) അന്തസ്സത്തയെ തകർക്കുന്നതുമായ ട്രാൻസ്ജെൻഡർ നിയമ (2019) ഭേദഗതി ബിൽ 13 .03 .2026 ന് ലോക്സഭയിൽ കേന്ദ്ര സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ വിരേന്ദ്ര കുമാർ അവതരിപ്പിച്ചിരിക്കുകയാണ്. സാമൂഹ്യ നീതിയെ വെല്ലുവിളിക്കുകയും ഒരു സമുദായത്തിന്റെ ഭരണഘടാനാപരമായ അവകാശങ്ങൾക്ക് മുകളിലുള്ള കടന്നു കയറ്റവുമായ ഈ ബിൽ പിൻവലിക്കുവാൻ ക്വിവർ സമുദായ അംഗങ്ങളും പ്രസ്തുത സമുദായത്തെ പിന്തുണക്കുന്നവരുമായ ഞങ്ങൾ സംയുക്തമായി ആവശ്യപ്പെടുന്നു.

**സ്വയം പ്രഖ്യാപിത ജെൻഡർ സ്വത്വം റദ്ദാക്കുന്നു, മെഡിക്കൽ ബോർഡുകൾക്ക് അമിതാധികാരം നൽകുന്നു:** 2014-ലെ നാൽസ (NALSA) വിധിയിലൂടെ സുപ്രീം കോടതി അംഗീകരിച്ച ട്രാൻസ്ജെൻഡർ വ്യക്തികളുടെ സ്വയം പ്രഖ്യാപിത ലിംഗതന്മക്കുള്ള അവകാശം (Right to self-perceived gender identity) 2019-ലെ നിയമത്തിലെ സെക്ഷൻ 4(2) പ്രകാരം സംരക്ഷിക്കപ്പെട്ടതുമായിരുന്നു. പ്രസ്തുത സ്വയംനിർണ്ണയാധികാരം ഒരു വ്യക്തിയുടെ അന്തസ്സോടെ ജീവിക്കുവാനുള്ള മൗലികാവകാശത്തിന്റെ ഭാഗമായി കെ എസ് പുട്ടസ്വാമി വിധിയിൽ സുപ്രീം കോടതി അംഗീകരിച്ചതുമാണ്. ഇന്ത്യയുടെ പരമോന്നത നീതി പീഠത്തിന്റെ പ്രസ്തുത വിധികളെ ലംഘിച്ചുകൊണ്ടും ട്രാൻസ്ജെൻഡർ വ്യക്തികളുടെ അന്തസ്സോടെ ജീവിക്കുവാനുള്ള മൗലികാവകാശത്തിനെ വെല്ലുവിളിച്ചുകൊണ്ടും സ്വയം നിർണയാവകാശം എടുത്തുമാറ്റിക്കൊണ്ടാണ് പുതിയ നിയമ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്
സ്വയംനിർണ്ണയാധികാരത്തിനു പകരം, ചീഫ് മെഡിക്കൽ ഓഫീസർമാരുടെയും ജില്ലാ മജിസ്ട്രേറ്റിന്റെയും നേതൃത്വത്തിലുള്ള മെഡിക്കൽ ബോർഡുകളുടെ നിർബന്ധിത പരിശോധന ഉൾപ്പെടെയുള്ള സർക്കാർ പരിശോധനാ സംവിധാനങ്ങളെ (State verification mechanisms) നിർബന്ധമാക്കി കൊണ്ടുവരുന്നത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ സ്വകാര്യതയുടെ മേലുള്ള കടന്നു കയറ്റമാണ്. ജെനഡർ ഐഡന്റിറ്റിയെ വ്യക്തിസ്വാതന്ത്ര്യത്തിൽ നിന്ന് മാറ്റി സ്റ്റേറ്റിന്റെ നിരന്തരമായ നിരീക്ഷണത്തിന്റെയും നിയന്ത്രണത്തിന്റെയും പരിധിയിലാക്കുന്നത് പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾക്ക് മേലെയുള്ള ഭരണകൂടത്തിന്റെ കടന്നു കയറ്റമായി ഞങ്ങൾ വിലയിരുത്തുന്നു.

**ട്രാൻസ്ജെൻഡർ സ്വത്വം തെറ്റായി പുനർനിർവചിക്കുന്നു:** ഭേദഗതിയിൽ സ്വയംനിർണ്ണയാവകാശം കൃത്യമായി റദ്ദാക്കുന്നതിനുപരി, ട്രാൻസ്ജെൻഡർ എന്നാൽ കിന്നർ, ഹിജഡ, അരവാണി എന്നീ സാംസ്കാരിക സ്വത്വങ്ങളുള്ളവരും, ഇന്റർസെക്സ് വൈവിധ്യങ്ങൾ ഉള്ളവരും, "നിർബന്ധിതമായി" ട്രാൻസ്ജെൻഡർ ആക്കപ്പെട്ടവർ എന്നിവർ മാത്രമായി ട്രാൻസ്ജെന്റർ നിർവചനത്തെ പരിമിതപ്പെടുത്തിയിട്ടുണ്ട്. നിർവചനത്തിൽ വരുത്തിയ ഈ ഭേദഗതി വഴി കേന്ദ്ര സർക്കാർ ട്രാൻസ് പുരുഷൻ, ട്രാൻസ് സ്ത്രീ, ജെൻഡർ-ക്വിയർ (gender-queer), നോൺ-ബൈനറി (non-binary) വ്യക്തികൾ ഉൾപ്പെടെയുള്ള വിഭാഗങ്ങളെ നിയമത്തിന്റെ സംരക്ഷണ പരിധിയിൽ നിന്നും പുറം തള്ളുകയാണ്. ആയത് ഇന്ത്യൻ ഭരണഘടനയുടെ നിയമത്തിനു മുന്നിലുള്ള തുല്യത ഉറപ്പു വരുത്തുന്ന മൗലിക അവകാശത്തിന്റെ നഗ്നമായ ലംഘനമാണ്.

**സ്വകാര്യതാലംഘനം, ഭരണകൂട നിരീക്ഷണം:** ലിംഗമാറ്റ ശസ്ത്രക്രിയകൾ ജില്ലാ മജിസ്ട്രേറ്റിനെ നിർബന്ധമായും അറിയിക്കണമെന്ന ആശുപത്രികൾക്കുള്ള നിർദ്ദേശം, സ്വകാര്യതാ ലംഘനത്തിനും ശരീരത്തിന്മേലുള്ള ഭരണകൂട നിരീക്ഷണത്തിനും വഴിയൊരുക്കുന്നു. ആരോഗ്യ സംബന്ധമായ തീരുമാനങ്ങൾ

രഹസ്യമായി സൂക്ഷിക്കേണ്ടതും രോഗി കേന്ദ്രീകൃതമായിരിക്കേണ്ടതുമാണ്; അവ ഭരണപരമായ റിപ്പോർട്ടിംഗ് സംവിധാനങ്ങൾക്ക് വിധേയമാകേണ്ടതല്ല.

മനുഷ്യാവകാശ പ്രവർത്തനങ്ങളെയും ട്രാൻസ് കുടുംബങ്ങളെയും കുറ്റവാളികളാക്കുന്നു: ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ വേണ്ടി രൂപീകരിക്കപ്പെട്ട ഒരു നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ തന്നെ അപഹസിക്കുന്ന തരത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ സ്വത്വത്തിൽ ജീവിക്കാൻ സഹായമോ, പിന്തുണയോ നൽകുന്ന സംഘടനകൾക്കും, വ്യക്തികൾക്കും എതിരെ കഠിനമായ  ശിക്ഷാനടപടികൾ സ്വീകരിക്കാൻ പ്രാപ്തമാക്കും വിധമുള്ള മാറ്റങ്ങൾ ഭേദഗതി നിയമത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരെയുള്ള അതിക്രമങ്ങൾക്ക് എതിരെ വളരെ ചെറിയ ശിക്ഷയാണ് നിലനിൽക്കുന്നതെന്നും ആയതിൽ മാറ്റം വരുത്തണമെന്നുമുള്ള ട്രാൻസ്ജെൻഡർ  സമുദായ അംഗങ്ങളുടെ കാലങ്ങളായുള്ള ആവശ്യത്തിനെ മാനിക്കാതെ, ഒരു സമുദായത്തെ മുഴുവൻ കൊളോണിയൽ കാലത്തെ കുറ്റവാളി ഗോത്ര നിയമത്തിന് സമാനമായ രീതിയിൽ ജയിലുകളിൽ അടക്കുവാൻ പര്യാപ്തമായ തരത്തിലുള്ള അശാസ്ത്രീയവും അന്താരാഷ്ട്ര മനുഷ്യാവകാശ പ്രാമാണങ്ങൾക്ക് വിരുദ്ധവുമായുള്ള ബില്ലാണ് നിലവിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

ട്രാൻസ്ജെൻഡർ പങ്കാളിത്തവും പ്രാതിനിധ്യവും ഇല്ലാതാക്കുന്നു: നാഷണൽ കൗൺസിലിന്റെ (National Council) പുനർനിർമ്മാണത്തിൽ സർക്കാർ പ്രതിനിധികളെ വർദ്ധിപ്പിക്കുകയും കമ്മ്യൂണിറ്റി പങ്കാളിത്തം കുറയ്ക്കുകയും ചെയ്യുന്നത്, ആരുടെ ജീവിതത്തെയാണോ ഈ നയങ്ങൾ ബാധിക്കുന്നത് അവരുടെ ശബ്ദത്തെ ദുർബലപ്പെടുത്തുന്നു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ നേതൃത്വമില്ലാതെ അവരുടെ ജീവിതത്തെ ബാധിക്കുന്ന നയങ്ങൾ രൂപീകരിക്കാൻ പാടില്ല എന്ന പ്രാഥമികമായ ബോധ്യം പോലും ഇല്ലാതെയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ട്രാൻസ്ജെൻഡർ സമുദായത്തിന്റെ മൗലിക അവകാശങ്ങളെ റദ്ദ് ചെയ്യുന്നതും പരമോന്നത നീതിപീഠത്തിന്റെ വിധിന്യായങ്ങളെ ലംഘിക്കുന്നതുമായ ഈ നിയമ ഭേദഗതിയെ ശക്തമായി എതിർക്കണമെന്ന് ജനാധിപത്യ വിശ്വാസികളായ മുഴുവൻ മനുഷ്യരോടും ഞങ്ങൾ  അഭ്യർത്ഥിക്കുന്നു. ട്രാൻസ് വിരുദ്ധമായ, മനുഷ്യവിരുദ്ധമായ  ഈ ബിൽ പിൻവലിച്ചു ട്രാൻസ്ജെൻഡർ സമുദായത്തോട് കേന്ദ്ര സാമൂഹ്യ നീതി വകുപ്പ് മന്ത്രി മാപ്പ് പറയണമെന്ന്  ഞങ്ങൾ ആവശ്യപ്പെടുന്നു.

- സംയുക്ത സമര സമിതി, കേരളം

## Joint Statement:
## Demand for the Withdrawal of the Anti-Human Transgender Persons (Protection of Rights) Amendment Bill, 2019

On March 13, 2026, the Union Minister for Social Justice and Empowerment, Dr. Virendra Kumar, introduced the Transgender Persons (Protection of Rights) Amendment Bill in the Lok Sabha. This bill is a **direct violation of the Supreme Court's NALSA judgment**, an infringement on the **fundamental rights** of transgender individuals, and is contrary to the international **Yogyakarta Principles**. We, the members and supporters of the queer community, jointly demand the withdrawal of this bill as it represents an assault on social justice and the constitutional rights of our community.

**Revocation of Self-Perceived Gender Identity and Excessive Power to Medical Boards:**

The right to self-perceived gender identity, recognized by the Supreme Court in the 2014 NALSA judgment and protected under Section 4(2) of the 2019 Act, has been revoked. This right to self-determination was further upheld in the **K.S. Puttaswamy judgment** as an integral part of the fundamental right to live with dignity. The new amendment replaces self-determination with **mandatory state verification mechanisms**, including compulsory examinations by medical boards led by Chief Medical Officers and District Magistrates. This is a gross **invasion of privacy** and places a marginalized community under constant state surveillance and control.

**Misdefinition of Transgender Identity and Violation of Privacy:**
Apart from clearly prohibiting self-determined gender identification, the current bill limits transgender identity to hijra, kinnar, aravani and other socio-cultural groups, people with intersex variations, and those who are “forced” to become transgender people. The proposed amendments to the definition of "transgender persons" effectively **exclude trans men, trans women, gender-queer, and non-binary individuals** from the protection of the law. This is a blatant violation of the fundamental right to **equality before the law** guaranteed by the Indian Constitution. Furthermore, the requirement for hospitals to report gender-reassignment surgeries to the District Magistrate facilitates **state surveillance over individuals' bodies** and violates the principle that health decisions should remain confidential and patient-centered.

**Criminalization of Human Rights Advocacy and Trans Families:**
The amendment bill includes provisions to **penalize individuals and organizations** that provide support or assistance to transgender persons living in their self-identified identity. While the community has long demanded stricter punishments for atrocities against transgender individuals, the government has instead introduced unscientific measures that mirror **colonial-era "Criminal Tribes" laws**, capable of imprisoning an entire community, in violation of international human rights standards.

**Erasure of Transgender Participation and Representation:**
The restructuring of the **National Council** increases the number of government representatives while **reducing community participation**. This weakens the voices of those directly affected by these policies and ignores the fundamental principle that policies concerning transgender lives should not be formulated without their leadership.

**Conclusion**
We appeal to all individuals who believe in democracy to **strongly oppose this amendment**, which seeks to nullify the fundamental rights of the transgender community and violates the verdicts of the nation's highest court. We demand the **immediate withdrawal of this anti-trans and anti-human bill**, and we call upon the Union Minister for Social Justice to tender an apology to the transgender community.

- Samyuktha Samara Samithi Keralam

SIGNATORIES:

Arjun Geetha
Aanandh C Rajappan
Dr. Anuradha Krishnan
Sheethal Shyam
Faisal faisu
Rosa Felicia
Shyama S Prabha
Dr. A. K Jayasree
Adv. Padmalakshmi
Shakiya S Priyamvada
Prijith P. K
Ahana Mekhal
Dinu Veyil
Arunima Sulfikkar
Sreemayi S. L
Jagath
Paras Dogra
Thripthy Shetty
Nazriya Kozhikode
Neha C
Rhea Fathima
Melvin
Sanjesh
Pooja
Sunil Mohan
Rumi Harish
Yadav S R
Amaya Prasad
Sasha Eon
Sethu Parvathy
Dr. Prince K J
Alen Christopher
Srihaan VC
Harshappi Harsh
Priyank Patil
Shilpa Parthan
Emy Abhraham
Srindha S Pillai
Aardhra Prakash
Kalpana
Nakshathra A. C
Diya Sana
Alex Alice Alias
Hrithik
Maya
Naithik Gopi
Navas
Ayush
Rithisha Rithu
Anagh
Madhav Shankar M
Rejash
Be
Hari Devageeth
Krishna S Nair
Kashinath RV
Amrutha Barsa
Dr Maya Pramod
Aryakrishnan R
Arathi PM
Sreedevi P
Dr Asha Achy Joseph
Saranyamol k s
Farsana KP
Vineetha. M
Fujeena Abdul Kader
Jeo Baby
Sreeja Neyyattinkara
Prasannan Dharmapalan
Meera Nazer
Athulya R
Mamatha Karollil
Ponnu Ima
Navya A V
Aneesha Dominic
Sreelakshmi V
Aparna Prabhakaran
T. Radhamony
S. Anandan
Sreebitha P V
Sudha Padmaja Francis
Arathy Asok
Karthik Gopal
Dr. Gireesh Kumar J
Nitha
Jeeva Jayadas
Raman V R
Dr. Priya Varghese
T N Seema
Priya Raveendran
Girijaparvathy
Vishal Udaya Kumar
Roshni R
Mini Sukumar
Amrutha K P N
Roshni R
Adithya B Lekshman
Azoontha Abraham
M. Sulfath
Soya thomas
Meenakshi Jayan
Gowtham R
Arya Santhosh Kumar
Malsyakanyaka
Seshaadri
Gokul K Gopikrishna
Harisankar C
Pallavi yaseen
Hari Devageeth
Krishna S Nair
Kashinath R.S
ADHIDEV S
Shahan s
Neeraj s
S Aswathy
Linu Lins
Nadala
Dakshith Somasundaram
Parvathy P Kuttappan
Annette D
Jasik Kareem P
Ariel S
Deepa Vasudevan
Kai Mohammed
Niharika Beeja Pradaush
Sisily George
Hanan KV
Aadith Raj
Nandhana KV
Marah Rachel
Akhil Achuth
Viji Rahman
Dr. Kadhija Mumtaz
Prakrithi N.V
Ganga Niharika
Parthvik S
Adv.Rainey M Kuriakose
Ashrin Ishak Luke

Nikhitha R
Nila Vasuki
Jomol Thomas
Anasuith
Kani Kusruthi
Nathaan M
Anna Mary Magdalene
Gautham Krishna
Sweety Bernad
Erfana Nafeesa
Seira Judit
Dinta Suresh
Fathima Nourin
Amna Geet
Sanjo Steve
Heet Sanghvi
Elida Rubielle
Sabari K
Arvika P R
Arnold Joseph
Arundati
Keerthi
Avanthika
Aruna
Amala
Vishnupriya
Niya ukku
Manchami
Prameela
Charmi
Vaitharani
Vaishnavi
Sreekutty niranjana
Suku sukanya
Anu anilkumar
Priya pradeep
Sajna sameer
Sandhya Rajesh
Sahasra
Veena vishnu
Kamala udayan
Myna
Sayoojya
Nainika
Krishna vardhan
Dev R revi
Theertha Sarvika
Amrutha Barsa

Aki
Aiswarya s
Sherin Antony
Parvathi
Emilie R
Grace P Johns
Jazi Ayzel Jahanaara
Asii
Aleena Mathew
Adithya Kiron
Dr. Athul Raj E R
Sreelakshmi
Sruthi
Akshay J.
Vinaya L
Parvathy
Lekshmi R
Ajay
Yelohim Aadvik
JAISON J
Parvathi Sanmayi
Mithun Louis
Abin
Mahima